## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 6688 — 09.07.2014-ൽ മറുപടിയ്ക്ക്

### പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ സ്കൂളുകളുടെ വിജയശതമാനം

**ചോദ്യം**
ശ്രീ.ബാബു.എം.പാലിശ്ശേരി

**മറുപടി**
കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ എത്ര റസിഡൻഷ്യൽ ഹൈസ്കൂളുകളും, ഹയർസെക്കന്ററി സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്; | എ) | പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/ആശ്രമം സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇതിൽ 9 എണ്ണം ഹയർ സെക്കന്ററി സ്കൂളുകളാണ്. |
| ബി) | ഹൈസ്കൂൾ, ഹയർസെക്കന്ററി തലത്തിൽ 2013-2014 അധ്യയന വർഷത്തെ വിജയശതമാനം എത്രയായിരുന്നു; വിശദാംശം വ്യക്തമാക്കാമോ; | ബി) | 2013-14 അധ്യയന വർഷത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ എസ്.എസ്.എൽ.സി വിജയശതമാനം 97.93% -ഉം ഹയർസെക്കന്ററി പരീക്ഷയിലെ വിജയശതമാനം 85.67 -ഉം ആണ്. വിശദാംശം അനുബന്ധം -1 ആയി ചേർക്കുന്നു. |
| സി) | പ്രാക്തന ഗോത്രവിഭാഗക്കാരുടെ കുട്ടികൾക്കായുള്ള സ്കൂളുകളിലെ വിജയ ശതമാനം എത്രയായിരുന്നു; വിശദാംശം വ്യക്തമാക്കാമോ; | സി) | പ്രാക്തന ഗോത്ര വർഗ്ഗവിഭാഗക്കാരുടെ കുട്ടികൾക്കായി പ്രവർത്തിയ്ക്കുന്ന നൂൽപ്പുഴ രാജീവ് ഗാന്ധി മോഡൽ റസിഡൻഷ്യൽ സ്കൂൾ 2013-14 അധ്യയനവർഷം എസ്.എസ്.എൽ.സി പരീക്ഷയിൽ 89.65% ഉം ഹയർസെക്കന്ററി പരീക്ഷയിൽ 100% ഉം വിജയം കൈവരിച്ചിട്ടുണ്ട്. കൂടാതെ ചോലനായ്ക്ക |

| | | | |
|---|---|---|---|
| | | | വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ കൂടുതൽ പഠിക്കുന്ന നിലമ്പൂർ ഇന്ദിരാ ഗാന്ധി മോഡൽ റസിഡൻഷ്യൽ സ്കൂൾ 2013-14 അധ്യയന വർഷം . എസ്.എസ്.എൽ.സി പരീക്ഷയിൽ 93.1% വിജയം കൈവരിച്ചിട്ടുണ്ട്. |
| ഡി) | റസിഡൻഷ്യൽ സ്കൂളുകളിലെ വിജയം മികവുറ്റതാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ? | ഡി) | റസിഡൻഷ്യൽ സ്കൂളുകളിലെ വിജയം മികവുറ്റതാക്കാൻ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠനം നടത്തുന്ന സ്കൂൾ തലം മുതൽ ഹയർസെക്കന്ററിതലം വരെയുള്ള വിദ്യാർത്ഥികൾക്ക് മികച്ച പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനും മികച്ച അദ്ധ്യാപകരെ ലഭ്യമാക്കാനും സർക്കാർ പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. പ്രത്യേകിച്ചും എസ്.എസ്.എൽ.സി, +2 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മെയ് മാസത്തിൽ തന്നെ ക്ലാസ്സുകൾ ആരംഭിക്കുകയും ഇവരിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി സ്പെഷ്യൽ കോച്ചിംഗ്, നൈറ്റ് ക്ലാസ് എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ടി ക്ലാസ്സുകൾ നടത്തുന്നതുമായി ബന്ധപ്പെട്ട് പാഠ്യ പ്രവർത്തനങ്ങൾക്ക് പുറമെ പഠന പുരോഗതിയ്ക്കാവശ്യമായ പാഠ്യേതര പ്രവർത്തനങ്ങളും നടത്തുന്നതിനു വേണ്ടി സ്കൂൾ സമയം 8.30 AM മുതൽ 2.00 PM വരെയാക്കി ക്രമീകരിച്ചിട്ടുണ്ട്. പ്ലസ് ടുവിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മികച്ച വിജയം കരസ്ഥമാക്കുന്നതിനോടൊപ്പം തന്നെ എഞ്ചിനീയറിംഗ്/മെഡിക്കൽ എൻട്രൻസ് |

| | | | |
|---|---|---|---|
| | | | പരീക്ഷയിൽ വിജയം നേടുന്നതിനായി എൻട്രൻസ് ഓറിയന്റഡ് കോച്ചിംഗ് ക്ലാസ്സുകളും നടത്തിവരുന്നു.<br>പഠന പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കാനും വിദ്യാർത്ഥികളുടെ പഠനശേഷി വർദ്ധിപ്പിക്കുന്നതിനുമായി സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്റ്റുഡന്റ് ഹെൽത്ത് എഡ്യുക്കേഷൻ പ്രൊമോട്ടർ, നാഷണൽ സർവീസ് സ്കീം തുടങ്ങിയ പാഠ്യേതര പ്രവർത്തനങ്ങളും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നടത്തിവരുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനം മെച്ചപ്പെടുത്തുന്നതിനും മികച്ച മാനസിക ശേഷി കൈവരിക്കുന്നതിനും അങ്ങനെ പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിനും അവരെ മാനസികമായി പ്രാപ്തരാക്കുവാൻ പ്രോജക്ട് ഓഫീസ്/ട്രൈബൽ ഡവലപ്മെന്റ് ഓഫീസ് തലത്തിൽ സ്റ്റുഡന്റ് കൗൺസിലർമാരെയും നിയമിച്ചിട്ടുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ

ഹാജരാക്കുന്നു

| ❀SLC RESULT - 2013-14 IN MODEL RESIDENTIAL SCHOOL OF SCH.TRIBES DEVELOPMENT DEPARTMENT | | | | | |
|---|---|---|---|---|---|
| Sl. No | NAME OF SCHOOL | NO. OF STUDNETS APPEARED | NO. OF STUDENTS PASSED | PERCENTAGE OF PASSING | NO. OF STUDENTS HAVING FULL A+ |
| 1 | MRS, Kattela | 35 | 34 | 97.14 | NIL |
| 2 | MRS, Kulathupuzha | 15 | 15 | 100 | NIL |
| 3 | MRS, Vadasserikkara | 27 | 27 | 100 | NIL |
| 4 | MRS, Ettumanoor | 29 | 29 | 100 | 2 |
| 5 | MRS, Chalakkudy | 36 | 35 | 97.22 | NIL |
| 6 | MRS, Malampuzha | 30 | 27 | 90 | NIL |
| 7 | MRS, Munnar | 25 | 25 | 100 | NIL |
| 8 | Ekalavya MRS, Idukki | 43 | 43 | 100 | NIL |
| 9 | MRS, Attappady | 35 | 34 | 97.14 | NIL |
| 10 | MRS, Nilambur | 29 | 27 | 93.1 | NIL |
| 11 | MRS, Kalpetta | 32 | 32 | 100 | NIL |
| 12 | MRS, Pookode | 37 | 37 | 100 | NIL |
| 13 | MRS, Noolpuzha | 29 | 26 | 89.65 | NIL |
| 14 | MRS, Nalloornad | 32 | 32 | 100 | NIL |
| 15 | MRS, Thirunelly | 33 | 33 | 100 | NIL |
| 16 | MRS, Kannur | 33 | 33 | 100 | NIL |
| 17 | MRS, Kasaragod | 32 | 32 | 100 | NIL |
| | **TOTAL** | **532** | **521** | **97.93** | ~~8~~ 2 |
| | **TOTAL STUDENTS HAVING A+** | **8** | | | |
| | **100% PASS** | **11 MRS** | | | |
| | **NO. OF MRS WITHOUT 100% PASS** | **6** | | | |
| | **TOTAL NO. OF STUDENTS FAILED IN THE STATE** | **11** | | | |

[illegible handwriting]

Haripriya

[illegible Malayalam handwriting]

ANNEXURE - ~~3~~ 2

# DETAILS OF PLUS TWO RESULTS 2013-14

## SCHEDULED TRIBES DEVELOPMENT DEPARTMENT

| Sl.No. | Name of School | No.of students appeared | No.of Students passed | Percentage |
|---|---|---|---|---|
| 1. | M.R.S. Chalakkudy | 35 | 35 | 100% |
| 2. | M.R.S. Kannur | 63 | 47 | 74.6% |
| 3. | M.R.S. Kattela | 72 | 70 | 97.22% |
| 4. | M.R.S. Vadasserikkara | 23 | 17 | 73.91% |
| 5. | M.R.S. Nalloornad | 69 | 51 | 73.91% |
| 6. | M.R.S. Kasaragod | 70 | 69 | 98.57% |
| 7. | R.G.M.R.S. Noolppuzha | 32 | 32 | 100% |
| 8. | M.R.S. Munnar | 27 | 14 | 52 % |
| TOTAL | | 391 | 335 | 85.67% |

gpp/- 26.05

Haripriya